**Week - 1**

## *യെറുശലേമിന് പുറത്തോ?- ജീവൻ നഷ്ടം*

# Are you out of Jerusalem ? Life is lost

## *(യെറുശലേമിൽ) അവിടെ നിന്ന് പുറത്തു പോകരുത്*

*(1രാജ:2:36)*



ദൈവവചനം നാം പഠിക്കുമ്പോൾ യെറുശലേം എന്ന വിശുദ്ധനഗരത്തിന് പുറത്തുപോയി അപകടത്തിലായവരെ കാണുവാൻ കഴിയും. ഈ പുതുവർഷം യഹോവ നമുക്ക് തരുന്ന നിർദ്ദേശമാണ് യെറുശലേമിൽ പാർക്കുക എന്ന്. യെറുശലേമിന് പുറത്തെത്തിയാൽ പ്രശ്നങ്ങൾ ഉണ്ടാകും.എന്നാൽ മടങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് അതിനുള്ള അവസരവും യഹോവ നൽകുന്നു.

യെറുശലേമിൽ പാർക്കേണ്ടതിന്റെ ആവശ്യമെന്ത്? എന്താണ് അതിന്റെ പ്രത്യേകത? സങ്കീ: (125:1,2) ശ്രദ്ധിച്ചാൽ പർവ്വതത്താൽ ചുറ്റപ്പെട്ട യെറുശലേം നഗരം എപ്പോഴും സുരക്ഷിതയാണ്. അതുപോലെ യഹോവ തന്റെ മക്കളെ എപ്പോഴും സംരക്ഷിക്കുന്നു എന്ന് കാണാം. സങ്കീ: 128:5 ൽ നിന്റെ ആയുഷ്ക്കാലമൊക്കെയും നീ യെറുശലേമിന്റെ നന്മയെ കാണും എന്ന് വ്യക്തമാക്കുന്നു. യെറുശലേമിൽ പാർക്കുന്നവൻ നന്മയും അനുഗ്രഹവും അനുഭവിക്കുന്ന ഭാഗ്യവാനാണ്. സീയോനിൽ പാർക്കുന്നവന്റെ പരിപാലകനായ യഹോവ മയങ്ങുകയോ , ഉറങ്ങുകയോ ചെയ്യുന്നില്ല എന്നത് നമുക്കുള്ള ധൈര്യമാണ്. യെറുശലേമിനു ചുറ്റും തീമതിലായിരിക്കുന്ന യഹോവ അതിന്റെ നടുവിൽ മഹത്വമായിരിയ്ക്കും.(സെഖ:2:5) ആയു

ഷ്ക്കാലം മുഴുവനും ആ നന്മയിൽ , കാവലിൽ, കരുണയിൽ ജീവിപ്പാൻ യെറുശലേമിൽ പാർക്കുന്നവർക്കേ കഴിയുകയുള്ളൂ. അതിനായി യഹോവയോട് ചേർന്ന് വസിക്കുന്ന നീതിമാന്മാരാകുക. പ്രാർത്ഥന , സ്തോത്രം , സ്തുതി, ആരാധന ഇവ നീതിമാന്മാരുടെ കൂടാരങ്ങളിൽ നിന്നുയരുന്നു. പ്രതികൂലക്കാറ്റുകൾ അവർക്ക് വിഷയമല്ല.

പുറത്തു പോകരുത് - എന്നാലെന്ത് ?

പുറത്തിറങ്ങിയവർ ദൈവത്തിൽ നിന്നകന്നുപോകുന്നതിനാൽ അവർക്ക് ദൈവീക സംരക്ഷണം ലഭിക്കുന്നില്ല. വചനത്തിൽ രണ്ടിടത്ത് പരിശുദ്ധാത്മാവ് പ്രത്യേക നിർദ്ദേശം പുറത്തുപോകരുത് എന്നുള്ളതിന് തന്നതായി രേഖപ്പെടുത്തുന്നു.

(1) പുറ:(12:22,23)

പെസഹായ്ക്ക് അറക്കേണ്ട ആട്ടിൻകുട്ടിയെപ്പറ്റിയും കിണ്ണത്തിൽ ശേഖരിച്ച രക്തം കുറുമ്പടിമേലും കട്ടളക്കാൽ രണ്ടിൻമേലും തേക്കുന്നവിധത്തെപ്പറ്റിയും വിവരിക്കുന്നുണ്ട്. തുടർന്ന് □പിറ്റെന്നാൾ വെളുക്കും വരെ നിങ്ങളിൽ ആരും വീടിന്റെ വാതിലിന് പുറത്തിറങ്ങരുത് □ എന്ന കർശന നിർദ്ദേശവും നൽകുന്നു. ഇവിടെ കട്ടളക്കാലിലും കുറുമ്പടിമേലും പുരട്ടിയ രക്തമാണ് ദൈവീകകാവലിന്റെ അടയാളം. രക്തത്തിന്റെ അടയാളം യിസ്രയേല്യരെ മിസ്രേമ്യരിൽ നിന്ന് വേർതിരിക്കുന്നു. ലോകമാകുന്ന മിസ്രേമിൽ പാർക്കുന്ന നമുക്ക് രക്തത്തിന്റെ അടയാളം യെറുശലേമിന്റെ സുരക്ഷിതത്വം നൽകുന്നു. പ്രീയ ദൈവമക്കളേ ! ക്രിസ്തു നമുക്കായി ഒഴുക്കിയ രക്തം എന്നെയും നിങ്ങളെയും വീണ്ടെടുക്കുവാനാണ്. പുറത്തിറങ്ങാതെ ആ അതിർത്തിക്കുള്ളിലാണോ നിങ്ങൾ ?

(2) യോശുവ - (2:17-19)

ദേശം ഒറ്റുനോക്കുവാൻ യോശുവ അയച്ചവർ ചെന്നെത്തിയത് രാഹാബ് എന്ന വേശ്യയുടെ വീട്ടിലായിരുന്നു. ദൈവമക്കൾ എത്തിയ വിവരം രാജാവറിഞ്ഞു. എന്നാൽ അവരെ സംരക്ഷിക്കേണ്ട ഉത്തരവാദിത്തം ദൈവം അവൾക്കു നൽകിയതിനാൽ തൽക്കാലം ചണത്തണ്ടുകൾക്കിടയിലൊളിപ്പിക്കുകയും പിന്നീട് കിളിവാതിലിലൂടെ അവരെ രക്ഷിക്കുകയും ചെയ്തു. രാഹാബ് തന്റെ ജീവിതം തിരുത്താനാഗ്രഹിച്ച് അവളുടെയും കുടുംബത്തിന്റെയും രക്ഷയ്ക്കായി യാചിച്ചു. അതിനായിട്ടുള്ള ചുവപ്പു ചരട് അടയാളമായി എവിടെ കെട്ടേണമെന്നും പുറത്തിറങ്ങി നടക്കുന്നവർക്ക്

ശിക്ഷ ഉണ്ടെന്നുള്ള മുന്നറിയിപ്പ് അവൾക്ക് ലഭിച്ചു. അനുസരിച്ച രാഹാബിന്റെ കുടുംബം യെരിഹോയുടെ തകർച്ചയിൽപ്പെടാതെ രക്ഷപെടുക മാത്രമല്ല ചെയ്തത് യേശുവിന്റെ വംശാവലിപ്പട്ടികയിൽ അവൾക്ക് സ്ഥാനം ലഭിക്കുകയും ചെയ്തു. (മത്താ:1:5) യഹോവയുടെ മക്കളെ സംരക്ഷിക്കുവാൻ തയ്യാറായവൾ ദൈവീക സംരക്ഷണം(യെറുശലേമിന്റെ സുരക്ഷിതത്വം)അനുഭവിച്ചു. യെറുശലേമിന് പുറത്ത് പല കാഴ്ചകളും പുതുമയും ഉണ്ടാകാം. പുറത്തിറങ്ങരുത് ചുവപ്പടയാളത്തിനുള്ളിൽ പാർക്കണം എന്ന നിർദ്ദേശം അനുസരിക്കുന്നവർ യെറുശലേമിന്റെ നന്മ അനുഭവിക്കും.

Read രൂത്ത്(1:1-2) ഇവിടെ ഒരാൾ ക്ഷാമം ഭയന്ന് മോവാബിലേക്ക് തന്റെ കുടുംബവുമായി പോയി എന്ന് കാണുന്നു. പോയ ആ ഒരാളോടൊപ്പം അയാളുടെ കുടുംബവും പോയി. ക്ഷാമം ബേത്ലഹേമിൽ ഉണ്ടായപ്പോൾ നിറഞ്ഞവരായി മോവാബിലെത്തിയ കുടുംബനാഥനും അയാളുടെ രണ്ട് ആൺ മക്കളും മരണപ്പെട്ടു. രൂത്ത് (1:6) യഹോവ തന്റെ ജനത്തിനാഹാരം നൽകി എന്നറിഞ്ഞപ്പോൾ കുടുംബനാഥയായ നവോമിയും ഒരു മരുമകളായ രൂത്തും മടങ്ങി. യെറുശലേമിൽ അടങ്ങിപ്പാർത്ത് നന്മ അനുഭവിക്കുക എന്നു പറഞ്ഞാൽ പുറത്തുപോകാൻ പാടില്ല എന്നാണ്. നഷ്ടം സംഭവിച്ച ശേഷം ഒരു മടങ്ങിവരവിനാഗ്രഹിച്ചവരെ ദൈവം കരുതും എന്നതിന്റെ തെളിവാണ് കാലാപെറുക്കുവാൻ രൂത്തിനെ ബോവസ്സിന്റെ വയലിലെത്തിച്ചത്. അത് ഒരു വീണ്ടെടുപ്പിന് ഇടയാക്കി.

യെറുശലേമിൽ ക്ഷാമം ഉണ്ടായതുപോലെ നമുക്കും പലതിനും ക്ഷാമവും പ്രയാസവും ഉണ്ടാകാം. അതിൽ ഭയപ്പെടേണ്ട. കാരണം അത് ദീർഘസമയത്തേക്കുള്ളതല്ല. നവോമിയുടെ ജീവിതം നമുക്കൊരു പാഠമാകട്ടെ. ജീവിതത്തിൽ വരുന്ന തെറ്റുകൾ തിരുത്തി യെറുശലേമിലേക്ക് മടങ്ങിവന്ന് അനുഗ്രഹം പ്രാപിക്കുക. പരീക്ഷകൾ ജീവിതത്തിൽ വരുമ്പോൾ യെറുശലേമിൽ നിന്ന് പുറത്തുപോകുന്നവർക്ക് വലിയ വില നൽകേണ്ടിവരും. നഷ്ടത്താലും , കഷ്ടത്താലും ഭാരപ്പെടുന്നവരേ നവോമിയെപ്പോലെ മടങ്ങിവരിക. ദൈവം നിങ്ങളെ സുരക്ഷിതരായി പാലിക്കും. നന്മകളാൽ നിറയ്ക്കും. അതിനായി ദൈവം കൃപചെയ്യട്ടെ.

ശാന്തമ്മ വർഗ്ഗീസ്
**Santhamma Varghese**
biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg